# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 20/06/14

(21 SHABAAN 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും, തശഹ്ഹുദ്, തഅവ്വദ്, സൂറഃ അൽഫാത്തിഹായ്ക്ക് ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് പറഞ്ഞു.

**നിങ്ങളെ അല്ലാഹുവിലേക്ക് തിരിച്ചയയ്ക്കപ്പെടുന്ന ഒരു നാളിനെ സൂക്ഷിക്കുക. പിന്നീട് ഓരോരുത്തരും സമ്പാദിച്ചിട്ടുള്ള ഫലം അവർക്ക് പൂർണ്ണമായി നല്കപ്പെടുന്നതാണ്. (ഒരു വിധത്തിലും) അവരോട് അനീതി കാണിക്കപ്പെടുന്നതുമല്ല (2:282)**

അൽഹംദുലില്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കഴിഞ്ഞ ആഴ്ചയിൽ തുടങ്ങിയ അതേ വിഷയം തുടരുകയാണ്. അതായത് ഖിയാമഃ എന്ന വിഷയം. വിശുദ്ധ ഖുർആനിൽ ഖിയാമഃ എന്ന പദം 70 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ ഖിയാമഃ എന്ന വാക്കിന് പകരം ഖിയാമഃ യുടെ കാഴ്ച വിശദീകരിക്കുന്ന മറ്റു വാക്കുകളും ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് (1) അസ്സാഅഃ നിശ്ചിത സമയം (2) യൗമുൽ ഹഖ് : സത്യദിനം, അതായത് അത്തരത്തിലൊരു ദിനം വരുന്നത് സംശയരഹിതമാണ്. (3) യൗമുൽ മഅ്ലൂം : അറിയപ്പെടുന്ന സമയം / ദിനം (4) യൗമുൽ ആസിഫഃ ഭയാനകമായ ദിനം (5) യൗമുൽ ഉസ്ർ : കഠിന ദിനം (6) യൗമുൽ അസീം : മഹത്തായ ദിനം (7) യൗമുൽ ബഅ്ത് : പുനരുത്ഥാനദിനം. (8) യൗമുത്തലാഖ് : കണ്ടുമുട്ടുന്ന ദിനം; അതായത് അല്ലാഹു (ത) മായി കണ്ടുമുട്ടുന്ന ദിനം. (9) യൗമുൽ ജാമിഅഃ സമ്മേളനദിനം. (10) യൗമുൽ ഖുറൂജ്: പുറത്തുവരുന്ന ദിനം (ഖബറുകളിൽ നിന്ന്) (11) അന്നബഅ് അൽ അസീം :വലിയ വാർത്ത (12) അൽഹഖഃ ഒഴിച്ചുകൂട്ടാൻ പാടില്ലാത്തത്.

വിശുദ്ധഖുർആനിലെ വിവിധ അധ്യായങ്ങളിൽ, വിവിധ വചനങ്ങളിൽ, അല്ലാഹു (ത) ഖിയാമഃയുടെ വ്യക്തമായ ചിത്രം നല്കുന്നുണ്ട്. നിങ്ങളുടെ പ്രതിഫലങ്ങൾ പൂർണ്ണതോതിൽ ലഭ്യമാകത്തക്കനിലയിൽ. നരകാഗ്നിയിൽ നിന്ന് ആര് ദൂരപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശനം ലഭിക്കുകയും ചെയ്യുന്നുവോ അവൻ വ്യക്തമായ വിജയം നേടിയിരിക്കുന്നു. അല്ലാഹു (ത) നിശ്ചയമായും ഖിയാമഃ ദിനത്തിൽ നമ്മെ എല്ലാവരേയും ഒരുമിച്ചു കൂട്ടുന്നതാണ്; അതിൽ ഒരു സംശയവുമില്ല. അല്ലാഹു (ത) യുടെ വാക്കുകളെക്കാൾ സത്യമായ വാക്ക് മറ്റാരുടേതാണ് ? വിശുദ്ധഖുർ ആൻ നമ്മെ മനസ്സിലാക്കിത്തരുന്നു, ആ ദിനത്തിൽ, ഈ ലോകം മറ്റൊരു ലോകമായി മാറുന്നതാണ്; ആകാശങ്ങളും അപ്രകാരം തന്നെ. സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ ജനങ്ങൾ ഹാജരാക്കപ്പെടുന്നതാണ്; അവൻ അതുല്യനാണ്; എല്ലാത്തിനേയും കീഴ്പ്പെടുത്തുന്നവനാണ്.

ഖിയാമഃ ദിനത്തിൽ ഭൂമി സമനിരപ്പാക്കപ്പെടുന്നതാണ്. അതിൽ പർവ്വതങ്ങൾ ഉണ്ടായിരിക്കില്ല. അവിടെ കുന്നുകളോ താഴ്വരകളോ ഉണ്ടായിരിക്കില്ല. വൃക്ഷങ്ങളോ, കെട്ടിടങ്ങളോ ഉണ്ടായിരിക്കല്ല. ആകാശമോ സൂര്യചന്ദ്ര നക്ഷത്രാദികളോ ഉണ്ടായിരിക്കില്ല. ഇതു സംഭവിക്കുമോ എന്ന കാര്യത്തിൽ സംശയമുള്ളവർ പറയുന്നു. ഈ വാർത്ത ശരിയാണെങ്കിൽ ഇതെപ്പോഴാണ് പുലരുന്നത് ? അല്ലാഹു (ത) പറയുന്നു. ഈ വിഷയത്തെക്കുറിച്ച് അവർ ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോൾ, ഒരേ ഒരു അട്ടഹാസം മാത്രം മതി ഇതു സംഭവിച്ചു കഴിയുവാൻ, അതോടെ അവർ തകർന്നടിയുന്നതാണ്. അവർക്ക് വസിയ്യത്ത് ചെയ്യുവാനോ അവരുടെ കുടുംബങ്ങളിലേക്ക്, മടങ്ങി പോകുവാനോ കഴിയുന്നതല്ല.

അന്നേദിവസം ആകാശം പ്രകമ്പനംകൊള്ളും, പർവ്വതങ്ങൾ ചലിക്കുവാൻ തുടങ്ങും! അല്ലാഹുവിന്റ ദൃഷ്ടാന്തങ്ങളെ കളവാക്കിയവർക്ക് അന്ന് സർവ്വനാശം! സർവ്വശക്തനായ അല്ലാഹു താൻ തന്നെ നമുക്ക് കർശനമായ മുന്നറിയിപ്പ് നല്കിയിരിക്കുകയാണ്. അവൻ പറയുന്നു.

**''മനുഷ്യരെ, നിങ്ങളുടെ നാഥനെ സൂക്ഷിച്ചു കൊള്ളുക. ആ നിശ്ചിത സമയത്തിലെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്. ''നിങ്ങൾ അതു കാണുന്ന നാളിൽ, മുലകൊടുക്കുന്ന എല്ലാ മാതാക്കളും, അവർ മുലയൂട്ടുന്ന ശിശുക്കളെ വിസ്മരിച്ചു പോകും. എല്ലാ ഗർഭിണികളും തങ്ങളുടെ ഗർഭം പ്രസവിച്ചു പോകും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്കു കാണാം. യഥാർത്ഥത്തിൽ അവർ മത്തു പിടിച്ചവരല്ല. പക്ഷേ, അല്ലാ ഹുവിന്റെ ശിക്ഷ കഠിനമാണ്. ''**(22:2–3)

വിശുദ്ധ ഖുർആനിൽ ഖിയാമ: ദിനത്തെക്കുറിച്ച് അല്ലാഹു (ത) നമ്മെ ഓർമ്മപ്പെടുത്തുന്നു. മേഘ രഹിതമായ ആകാശമായി മാറുമ്പോൾ, ആകാശം ഉരുക്കിയ ലോഹം പോലായി മാറുമ്പോൾ, പർവ്വതങ്ങൾ കട യപ്പെട്ട കമ്പിളി രോമം പോലെ ആയി തീരുന്ന നാളിൽ, ഗ്രഹണം ബാധിക്കുമ്പോൾ, സൂര്യനും, ചന്ദ്രനും ഒന്നായി തീരുമ്പോൾ, ഘോരശബ്ദം മുഴങ്ങുമ്പോൾ, സൂര്യൻ മറയ്ക്കപ്പെടുമ്പോൾ, നക്ഷത്രങ്ങളുടെ തിളക്കം അസ്തമിക്കുമ്പോൾ, പർവ്വതങ്ങൾ ചലിക്കുമ്പോൾ, വന്യമൃഗങ്ങൾ ഒരുമിച്ചു കൂടുമ്പോൾ; സമുദ്രം തിളച്ചു പൊങ്ങുമ്പോൾ ആ ദിനം സത്യനിഷേധികൾക്കും അക്രമികൾക്കും, കഠിനദിനം തന്നെയായിരിക്കും. അവർ ഭയത്താൽ വിറയ്ക്കും. അന്നവർ കൈവിരലുകൾ കടിച്ചു കുടയും. അന്നവർ ഓരോരുത്തരും പറയും എന്റെ നാശമെ! അല്ലാഹുവിന്റെ ദൂതന്റെ പാത ഞാൻ പിൻപറ്റിയിരുന്നെങ്കിൽ! ദൗർഭാഗ്യവശാൽ പിശാച് എന്നെ ദൈവീക സന്ദേശത്തിൽ നിന്ന് അകറ്റിക്കളഞ്ഞു. അന്നേ ദിനം! അവരുടെ അടുത്ത ആളുകളോ, അവരുടെ സന്താനങ്ങളോ അവർക്ക് യാതൊരു പ്രയോജനവും ചെയ്യുകയില്ല.

ഒരു സ്നേഹിതനും തന്റെ അടുത്ത സ്നേഹിതനെ അന്വേഷിക്കാത്ത ദിനം ! അവരവരുടെ കാര്യ ത്തെക്കുറിച്ചായിരിക്കും ചിന്ത! അന്നേ ദിനം ദൈവീക ശിക്ഷയിൽ നിന്ന് മോചനം നേടാൻ, കുറ്റവാളികൾ, തങ്ങളുടെ ഭാര്യമാരേയും, സഹോദരങ്ങളെയും, കുടുംബാംഗങ്ങളെയും, ഭൂമിയിൽ അവർക്കുള്ളതെല്ലാം മോച നാർത്ഥം, പ്രായശ്ചിത്തമായി നല്കുവാൻ ഒരുക്കമായിരിക്കും. ഓടിപ്പോകുവാൻ ഒരിടമില്ല. രക്ഷപ്പെടുവാൻ ഒരു വഴിയുമില്ല. ഒരഭയ സ്ഥാനവുമില്ല, ഓരോ വ്യക്തിയും ഭയവിഹ്വലരായിരിക്കും: തങ്ങളുടെ തന്നെയുള്ള ജോലിയിലായിരിക്കും. ഐഹിക ലോകത്തിലെ എല്ലാം അവർ വേണ്ടെന്നു വെയ്ക്കും. എന്നാൽ, ആ ദിന ത്തിൽ, ശക്തവും ഉറപ്പുള്ളതുമായ ഈമാനിൽ നിലനിന്നവർ, അവരുടെ മുഖങ്ങൾ പ്രകാശപൂരിതമായിരി ക്കും, അവർ സന്തോഷത്തിലായിരിക്കും, അവർ സൗഭാഗ്യത്തിലുമായിരിക്കും. എന്നാൽ സത്യനിഷേധികളു ടെയും അക്രമികളുടെയും മുഖങ്ങൾ കറുത്തിരുണ്ടിരിക്കും.

വിശുദ്ധ ഖുർആനിൽ നാം കാണുന്ന അല്ലാഹുവിന്റെ വാക്കുകൾ ഒരു സംശയത്തിനും ഇടമില്ലാത്ത താണ്. ഒരു മുസ്ലിം വിശ്വാസിക്ക്, വിശുദ്ധ ഖുർ ആനിയുള്ള എല്ലാ കാര്യങ്ങളിലും വിശ്വാസമുണ്ടായിരി ക്കണം ; അവന് നിശ്ചയമായും ദൃഢമായ വിശ്വാസമുണ്ടായിരിക്കണം. സർവ്വശക്തനായ അല്ലാഹുവിലുള്ള അരക്കിട്ടുറപ്പിച്ച വിശ്വാസമുണ്ടായിരിക്കണം; അവന്റെ ദൂതന്മാരിലുള്ള വിശ്വാസം ; പ്രവാചകന്മാരിലുള്ള വിശ്വാസം ദൃഢതരമായിരിക്കണം. അവർക്കിടയിൽ ഒരു വ്യത്യാസവും കല്പിക്കുവാൻ പാടില്ല; അവന്റെ ദൂത ന്മാരിലുള്ള വിശ്വാസം; പ്രവാചകന്മാരിലുള്ള വിശ്വാസം ദൃഢതരമായിരിക്കണം. അവർക്കിടയിൽ ഒരു വ്യത്യാ സവും കല്പിക്കുവാൻ പാടില്ല; അവന്റെ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം, അവന്റെ മലക്കുകളിലുള്ള വിശ്വാ സം, വിധിനാളിലുള്ള വിശ്വാസം ഇവയെല്ലാം വളരെ ശക്തമായ നിലയിൽ തന്നെ ഉണ്ടായിരിക്കണം. പരി പൂർണ്ണമതമായ ഇസ്ലാം വിശ്വാസത്തിന്റെ ഭാഗമായി പഠിപ്പിച്ച പാഠങ്ങളാണിവ. ഈ വിശ്വാസങ്ങളിൽ ഏതെ

ങ്കിലും ഒരുഭാഗം നിരസിച്ചാൽ, അവൻ പരിപൂർണ്ണമതത്തിന്റെ ഭാഗമായ വിശ്വാസത്തെ പൂർത്തീകരിക്കുന്നില്ല. അങ്ങനെ അവസാനം അവൻ അവിശ്വാസത്തിൽ ആപതിക്കുന്നു. അങ്ങനെ അവൻ ഒരു വഴിത്തിരിവിലെത്തിച്ചേരുന്നു. ഒടുവിൽ അവനും ഒരു കാഫിറും, ളാലിമും (അക്രമി) തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതായിതീരുന്നു. ഖിയാമത്തിനെക്കുറിച്ചുള്ള ഏറ്റവും കൂടുതൽ അറിവുകൾ ലഭിച്ചത് നമ്മുടെ പ്രിയങ്കരരായ പ്രവാചക പ്രഭു മുഹമ്മദ് (സ) ന് ആകുന്നു. ഒരു മനുഷ്യൻ ഖിയാമത്തിനെക്കുറിച്ച് അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും അല്ലാഹു (ത) അദ്ദേഹത്തിലൂടെ നല്കുകയുണ്ടായി.

പരിശുദ്ധ പ്രവാചകർ (സ) ഖിയാമത്തിന്റെ അടയാളമായി പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെ അനുചരന്മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖിയാമത്ത് നാളിൽ സംഭവിക്കുന്ന അടയാളങ്ങൾ ഓർത്തിരിക്കുന്നവർ ഓർത്തിരിക്കും. അവ വിസ്മരിച്ചു കളയുന്നവർ, വിസ്മൃതിയിൽ തന്നെയായിരിക്കും. (മുസ്ലിം)

ഖിയാമത്തിനെ സംബന്ധിച്ച് ധാരാളം അടയാളങ്ങളുണ്ട്. അവയെ നമുക്ക് രണ്ടു വിഭാഗമായിതിരിക്കാം. (1) ചെറിയ അടയാളങ്ങൾ : ഈ അടയാളങ്ങൾ ഖിയാമത്ത് നാളിന് വളരെ മുമ്പ് തന്നെ പ്രത്യക്ഷപ്പെടുന്നതാണ്. (2) വലിയ അടയാളങ്ങൾ: ഈ അടയാളങ്ങൾ ഖിയാമത്തുനാൾ ഉണ്ടാകുന്നതിന് വളരെ അടുത്തു പ്രത്യക്ഷപ്പെടുന്നതാണ്.

**ഈ അടയാളങ്ങൾ സംബന്ധമായി ഏതാനും പ്രവാചക വചനങ്ങൾ ഞാൻ ഉദ്ധരിക്കുകയാണ്. (1) ഹസ്രത് ഇബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്യുന്നു. റസൂൽ (സ) പറഞ്ഞു. ഒരുവൻ തന്റെ കണ്ണുകൊണ്ട് കാണുന്നതു പോലെ ഖിയാമം കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ, വിശുദ്ധഖുർ ആനിലെ അധ്യായം 81,82,84 ഇവ വായിക്കട്ടെ ! ഈ അധ്യായങ്ങൾ ഖിയാമത്തിന്റെ വിശദവിവരങ്ങൾ നല്കുന്നു. (തിർമിദ്, മിശ്ക്കാത്ത്) (2) ഹസ്രത് അനസ് (റ) റിപ്പോർട്ട് ചെയ്യുന്നു. ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു.**

**ഖിയാമത്ത് നാളിന്റെ അടയാളങ്ങളിൽ ഒന്ന് വലിയ പള്ളികൾ വെച്ചിട്ട് അവർ പൊങ്ങച്ചം പറയുന്നതായിരിക്കും. (മിശ്ക്കാത്ത്, ഇബ്നുമാജ, അബൂദാവൂദ്) അതായത് മുസ്ലിംകൾ ഉണ്ടായിവരും. അന്നവർ വളരെ മനോഹരമായ പള്ളികൾ നിർമ്മിക്കും. അവരിൽ മൽസരം തന്നെ ഉണ്ടാകും. അതായത് ആരാണ് ഏറ്റവും മനോഹരമായതും വലുതുമായ പള്ളികൾ നിർമ്മിക്കുക. അങ്ങനെ ഓരോരുത്തരും നിർമ്മാണത്തെക്കുറിച്ച് പൊങ്ങച്ചം പറയുവാൻ തുടങ്ങും. ആ പള്ളികളുടെ സൗന്ദര്യത്തെക്കുറിച്ച് പുകഴ്ത്തിപറയുവാൻ തുടങ്ങും, മിനാറത്തിന്റെ വലിപ്പത്തെക്കുറിച്ചും അതിന്റെ അലങ്കാരങ്ങളെക്കുറിച്ചും മറ്റും, ഈ കാര്യങ്ങളിൽ അവർ മത്സരിക്കും. പ്രാർത്ഥനാ സമയമാകുമ്പോൾ അതിൽ നമസ്ക്കരിക്കുവാൻ ആളുകൾ ഇല്ലായിരിക്കും!**

**ഹസ്രത് ഹസൻ ബസ്രി (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അദ്ദേഹം വിവരിക്കുന്നു. മുഹമ്മദ് (സ) പറഞ്ഞു. പള്ളിയിൽ വെച്ച് ഭൗതികകാര്യങ്ങൾ സംസാരിക്കുന്ന ഒരുകാലം വരും. അതിനുശേഷം അദ്ദേഹം മുന്നറിയിപ്പ് നല്കി, യഥാർത്ഥ വിശ്വാസികൾ അത്തരത്തിലുള്ള ആളുകളോടൊപ്പം ഇരിക്കുകയില്ല. കാരണം സർവ്വശക്തനായ അല്ലാഹു (ത) അവരെ അവഗണിക്കുന്നതാണ്.**

**ഈ കാര്യങ്ങൾ ഒരാൾ വിശകലനം ചെയ്യുകയാണെങ്കിൽ, ഖിയാമത്തിന്റെ ഈ അടയാളങ്ങൾ പ്രത്യക്ഷമായി കഴിഞ്ഞു എന്നു മനസ്സിലാകും. ഈ പ്രവാചകവചനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്ന മറ്റൊരു കാര്യം. ജനങ്ങൾ പള്ളികളിൽ വരുന്നത് അല്പനേരം പ്രാർത്ഥിക്കുന്നതിനുവേണ്ടിയാണ്; അതിനുശേഷം അവർ ഭൗതീക കാര്യങ്ങളാണ് സംവദിക്കുന്നത്.**

**ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു മുഹമ്മദ് (സ) പറഞ്ഞു. അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട ഭൂമിയിലെ സ്ഥലങ്ങൾ അവന്റെ പള്ളികളാണ്. ഏറ്റവും അവജ്ഞാപൂർവ്വം അല്ലാഹു കാണുന്ന ഭൂമിയിലെ സ്ഥലം കമ്പോള സ്ഥലങ്ങളാണ്. (മുസ്ലിം, മിശ്ക്കാത്ത്)**

സർവ്വശക്തനായ അല്ലാഹു പള്ളികളെ സ്നേഹിക്കുന്നു. കാരണം വിശ്വാസികൾ അവിടെ അവനെ ആരാധിക്കുന്നു. അവനെ സ്തുതിക്കുന്നു. അവന്റെ സ്മരണയിൽ അവർ ആഴ്ന്നിറങ്ങുന്നു. അവരവിടെ ഭൗതിക കാര്യങ്ങളൊന്നും ചർച്ച ചെയ്യുന്നില്ല! കമ്പോളങ്ങളാണെങ്കിൽ, ജനങ്ങൾ അവിടെ ഭൗതിക കാര്യങ്ങൾ മാത്രമാണ് ചർച്ചചെയ്യുന്നത്. സിനിമാ, ഫുഡ്ബാൾ, കുതിര പന്തയം, പകിടകളി, ചാരവൃത്തിചെയ്യൽ, കണ്ണടിക്കുക, ഹറാമായ സാധനങ്ങൾ വില്ക്കുക. അളവിലും തൂക്കത്തിലും ജനങ്ങളെ കൊള്ളയടിക്കുക, തകർന്നടിഞ്ഞ സാധനങ്ങൾ മോഷ്ടിച്ച് കമ്പോളങ്ങളിൽ വില്ക്കുക. അതുപോലെ വാങ്ങുന്നവരുടെ മുമ്പിൽ ആകർഷകമായ സാധനങ്ങൾ പ്രദർശിപ്പിക്കുന്നു എന്നാൽ വിറ്റ സാധനങ്ങൾ പാക്കറ്റിൽ നല്കുമ്പോൾ കാലം കഴിഞ്ഞ സാധനങ്ങളായിരിക്കും നല്കുക. മറ്റു ധാരാളം ഹറാമായ സാധനങ്ങൾ കമ്പോളങ്ങളിലൂടെ വില്ക്കപ്പെടുന്നു. പട്ടിക നീളമുള്ളതിനാൽ ഓരോന്നും എടുത്തു പറയുന്നില്ല. ഈ ആളുകൾ കരുതുന്നത് ഈ ഹറാമായ സാധനങ്ങൾ വില്ക്കുന്നതിലൂടെ അവർക്ക് പെട്ടെന്ന് ധനവാന്മാരാകാം എന്നാണ്.

മറ്റൊരു പ്രവാചകവചനത്തിൽ ഹസ്രത് അനസ് (റ) വിവരിക്കുന്നു. മുഹമ്മദ് (സ) പറഞ്ഞു. **സമയ ദൈർഘ്യം കുറയുന്നതുവരെ ഖിയാമം സംഭവിക്കുകയില്ല. ഒരു വർഷം നമുക്ക് ഒരു മാസം പോലെ തോന്നും. ഒരു മാസം ഒരാഴ്ചപോലെ തോന്നും; ഒരാഴ്ച ഒരു ദിവസം പോലെ തോന്നും. ഒരു ദിവസം, തീപ്പെട്ടിക്കൊള്ളി ഉരസുമ്പോഴുള്ള പ്രഭപോലെ തോന്നും (തിർമിദി, മിശ്ക്കാത്ത്)**

ഈ പ്രവാചക വചനം നമുക്ക് മനസ്സിലാക്കി തരുന്നത്. കാര്യങ്ങൾ എത്ര പെട്ടെന്നാണ് കടന്നു പോകുന്നത് എന്നാണ്. നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, ഈ നിർണ്ണിത കാലഘട്ടത്തിൽ (ദൈവീക) അനുഗ്രഹങ്ങൾ ലഭ്യമല്ല. ജനം ഭൗതിക കാര്യങ്ങളാൽ ബന്ധിതരായിരിക്കും. അക്കാരണത്താൽ വർഷങ്ങളും, മാസങ്ങളും, ദിവസങ്ങളും വളരെ പെട്ടെന്ന് കടന്നു പോകും. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ ഇതൊരു യാഥാർത്ഥ്യമായി തീർന്നിരിക്കുകയാണ്.

ഞാൻ ഇന്ന് നിർത്തുകയാണ്. ഞാൻ പറഞ്ഞതുപോലെ ഇതൊരു വലിയ വിഷയമാണ്. ഒന്നോ രണ്ടോ വെള്ളിയാഴ്ച കൊണ്ട് വിശദീകരിക്കാവുന്ന കാര്യമല്ല. തുടർന്നും ഇത് വിശദീകരിക്കുവാനുള്ള തൗഫീഖിനായി ഞാൻ എന്റെ രക്ഷിതാവിനോട് പ്രാർത്ഥിക്കുന്നു. ഇൻശാ അല്ലാഹ് ! ആമീൻ.

അല്ലാഹു (ത) നിങ്ങളെ അനുഗ്രഹിക്കട്ടെ ! അവൻ നിങ്ങൾ ആന്തരിക ജ്ഞാനം നല്കി അനുഗ്രഹിക്കട്ടെ ! ഖിയാമത്തിന്റെ അടയാളങ്ങൾ നോക്കികാണുവാനുള്ള കാഴ്ചശക്തി പ്രദാനം ചെയ്യട്ടെ! അതനുസരിച്ച് നിങ്ങളുടെ ജീവിതത്തെ സംസ്ക്കരിക്കുവാൻ കഴിയട്ടെ ! അല്ലാഹു (ത) യുടെയും അവന്റെ റസൂൽ (സ) ന്റെയും കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ കഴിയട്ടെ ! ആമീൻ.


**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************